ഡോ. എ. നീലലോഹിത ദാസൻനാടാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നു വെന്നാണ്. അങ്ങേക്ക് തന്നെ ബോദ്ധ്യപ്പെട്ട രീതിയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുവെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ഇല്ല എന്നതാണ് സത്യം. അങ്ങ് സഭയിലെ ഈ ചെയറിൽ ഇരുന്നുകൊണ്ട് വളരെ ശക്തമായി പ്രകടിപ്പിക്കപ്പെട്ട വികാരങ്ങളുടെ ഒരു അംശംപോലും ഉൾക്കൊള്ളാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലായെന്നുള്ളതാണ് ഇതു സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അനങ്ങാപ്പാറ നയം വ്യക്തമാക്കുന്നത്. കേവലം പോലീസ് എഴുതിക്കൊടുക്കുന്ന അടിസ്ഥാനരഹിതമായ കള്ള റിപ്പോർട്ട് വായിക്കുന്ന ഒരു ഏജന്റ് മാത്രമായി ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി അധ:പതിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വിദ്യാർത്ഥികൾ പോലീസിനെ കല്ലെറിഞ്ഞു, കല്ലെറിഞ്ഞു എന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നതല്ലാതെ വിദ്യാർത്ഥികളുടെ നേർക്ക് നടന്നിട്ടുള്ള ആക്രമണങ്ങളെക്കുറിച്ച്, ആവർത്തിച്ചാവർത്തിച്ചുള്ള നിഷ്ഠൂരമായ പോലീസ് മർദ്ദനത്തെക്കുറിച്ച് ഒരക്ഷരം ഉരിയാടാനോ ഖേദം പ്രകടിപ്പിക്കാനോ അങ്ങ് ഇതുവരെ തയ്യാറായിട്ടില്ല എന്നുള്ളത് തികച്ചും അപമാനകരമാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തേക്ക് കടന്നുവന്ന അങ്ങയെ സംബന്ധിച്ചിടത്തോളം ഈ സ്ഥിതി വിശേഷം ഒരൊറ്റ കാരണവശാലും ഭൂഷണമല്ലെന്ന് ഞാൻ വ്യക്തമാക്കുന്നു. ഈ പ്രശ്നത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചാണ് ഞങ്ങളും വാക്കൗട്ട് നടത്തുന്നത്.

(ഡോ. എ. നീലലോഹിത ദാസൻനാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ് : സർ, ന്യായമായ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം ചെയ്യുന്ന വിദ്യാർത്ഥികളെ അതിനീചമായി മർദ്ദിച്ച സംഭവത്തിൽ ഞാനും പ്രതിഷേധിക്കുന്നു.

(ശ്രീ. എ. എ. അസീസ് സഭ വിട്ട് പുറത്തു പോയി)

(പുറത്തു പോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)

III ശ്രദ്ധക്ഷണിക്കൽ

(1) കാസർകോഡ് ജില്ലയിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർകോഡ് ജില്ലയിൽ ജനങ്ങൾ ജലസേചനത്തിനും കുടിവെള്ളത്തിനും വേണ്ടിയുള്ള പദ്ധതികൾക്കുവേണ്ടി വളരെ പ്രതീക്ഷിച്ചിരുന്നതാണ്. കാക്കടവ്-മൂന്നാംകടവ് പഴശ്ശിനി പദ്ധതികൾ. ഇതിൽ കാക്കടവും അതുപോലെ പഴശ്ശിനിയും ഏറെക്കുറെ കൈവിട്ട നിലയിലാണ്. മൂന്നാംകടവ് പദ്ധതിയാണ് ഇന്ന് വളരെ ലൈവായി ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന പദ്ധതി. കേരളത്തിലെ പ്രധാനപ്പെട്ട 42 നദികളിൽ 12 എണ്ണവും കാസർകോഡ് ജില്ലയിലാണ്. പക്ഷേ ഈ ജലസമ്പത്ത് ശാസ്ത്രീയമായി ഉപയോഗപ്പെടുത്താൻ ആവശ്യമായ യാതൊരു നീക്കങ്ങളും കാസർകോഡ് ജില്ലയിൽ നടക്കുന്നില്ല. കേരളപ്പിറവിക്ക് ശേഷമുള്ള ആദ്യത്തെ ഗവൺമെന്റിന്റെ കാലത്തുതന്നെ അന്ന് കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യരുടെ മാസ്റ്റർ പ്ലാനിൽ ഇടംപിടിച്ച ഒരു പദ്ധതിയാണ് മൂന്നാംകടവ് പദ്ധതി. പക്ഷേ അന്നുതൊട്ട് ഇന്നോളം കഴിഞ്ഞ 46 കൊല്ലമായി ഈ പദ്ധതി ഇങ്ങനെ ഏട്ടിലെ പശുവായി കിടക്കുകയാണ്. ഹോസ്ദുർഗ്ഗ് താലൂക്കിൽ ചന്ദ്രഗിരിപ്പുഴയുടെ കൈവഴിയിൽ പരന്നുകിടക്കുന്ന ഏകദേശം ഏഴായിരത്തോളം ഹെക്ടർ നെൽവയലിനും രണ്ടായിരത്തോളം ഹെക്ടർ നാണ്യവിളകൾക്കും ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയുന്ന ഈ പദ്ധതിയെ ഗൗരവത്തിലെടുത്ത് നടപ്പിലാക്കാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മൂന്നാംകടവിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നേരത്തേ ആരംഭിച്ചതാണ്. പ്രാഥമിക പഠനങ്ങളുടെ അടിസ്ഥാനത്തിൽ ആറാട്ടുകടവ് എന്ന സ്ഥലം ഇതിനുവേണ്ടി കണ്ടെത്തുകയും ചെയ്തു. ഈ സ്ഥലം വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കുകയും പ്രാരംഭ റിപ്പോർട്ട് 1986-ൽ തന്നെ സമർപ്പിക്കുകയും ചെയ്തു. 1991-ൽ സോയിൽ കൺസർവേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി ആറാട്ടുകടവിൽ ഡാം സൈറ്റ് സർവ്വേ തുടങ്ങുകയും ചെയ്തതാണ്. 1991-ൽ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് തന്നെ ജലസേചന വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഇതിനുവേണ്ടിയുള്ള ശക്തമായ ഒരു നീക്കമാണ് നടത്തിയത്. അത് വളരെ ബഹുമാനത്തോടെ ഞാൻ ഓർക്കുകയാണ്. അങ്ങ് മുൻകൈയെടുത്തുകൊണ്ട് ഉദ്യോഗസ്ഥന്മാരെ വിളിച്ചു ചേർത്തുകൊണ്ട് ഇക്കാര്യങ്ങളെ സംബന്ധിച്ച് ഗൗരവപൂർവ്വം ചർച്ച നടത്തുകയും 1994-നകം, മൂന്ന് കൊല്ലക്കാലത്തിനകം ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഈ പദ്ധതിയുടെ പ്രാരംഭംകുറിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ശുപാർശ അന്ന് അങ്ങ് വിളിച്ചുചേർത്ത കമ്മിറ്റിയോഗത്തിൽ വച്ച് ഉണ്ടാകുകയും ചെയ്തതാണ്. അതിനാവശ്യമായ ഓഫീസുകൾ ഉണ്ടാക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ തീരുമാനങ്ങളും അന്ന് അങ്ങയുടെ നേതൃത്വത്തിൽ കൈക്കൊള്ളുകയും ചെയ്തതാണ്. പക്ഷേ ഇന്ന് കാഞ്ഞങ്ങാട് നിലനിൽക്കുന്ന ഓഫീസിൽ ആകെയുള്ള ഒരാൾ ഒരു അസിസ്റ്റന്റ് എൻജിനീയറാണ്. അവർ ഒരു സ്ത്രീയാണ്. അവർക്ക് ഇതു സംബന്ധിച്ച് വേണ്ടത്ര ധാരണയോടെ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. മൂന്നാംകടവ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഉദുമ മണ്ഡലത്തിലെ മുൻ എം.എൽ.എ.മാരും കഴിഞ്ഞ രണ്ടുകൊല്ലമായി ഞാനും നടത്തിയിട്ടുള്ള എഴുത്തുകുത്തുകൾക്കും സബ്മിഷനുകൾക്കും ശ്രദ്ധക്ഷണിക്കലുകൾക്കും എല്ലാം വളരെ പോസിറ്റീവായിട്ടുള്ള, പ്രതീക്ഷയുണർത്തുന്ന മറുപടികൾ കിട്ടുന്നുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാനാവശ്യമായ സംവിധാനങ്ങൾ ഇന്നുവരെ ഉണ്ടായിട്ടില്ല. ഈ സഭയുടെ തന്നെ ആറാമത് സമ്മേളനത്തിൽ എനിക്ക് അങ്ങ് തന്ന ഒരു മറുപടിയിൽ ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കാനും പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനും വേണ്ടി 45 ലക്ഷം രൂപ ആക്ഷൻ പ്ലാനിൽ വകയിരുത്തിയിട്ടുണ്ടെന്ന് പറഞ്ഞിരുന്നു. അത് വളരെ പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. അങ്ങ് മുൻകൈയെടുത്ത് സമയബന്ധിതമായി ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ ഒരു സംവിധാനമുണ്ടാക്കിയാൽ കാർഷിക ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു പദ്ധതി എന്നുള്ള നിലയിൽ കാസർകോഡ് ജില്ലയിലെ 10 പഞ്ചായത്തുകളുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുന്ന പദ്ധതിയായി മൂന്നാംകടവ് പദ്ധതിയെ മാറ്റിയെടുക്കാൻ നമുക്ക് കഴിയും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് എത്രയും പെട്ടെന്ന് ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. കൈവിട്ടുപോയ പദ്ധതിയാണെങ്കിലും കാക്കടവ് ഒരു കുടിവെള്ള പദ്ധതിയെന്ന നിലയിൽ പുനരുജ്ജീവിപ്പിക്കാൻ കഴിയും. അതുപോലെതന്നെ കാസർകോഡ് പട്ടണത്തിലേയ്ക്ക് വെള്ളമെത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ബാവിക്കര പമ്പ് ഹൗസുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെ ഇപ്പോൾ താല്ക്കാലിക തടയണകളാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഒരു സ്ഥിരം തടയണയ്ക്കാവശ്യമായ സംവിധാനംകൂടി ഉണ്ടാക്കിയാൽ വലിയ നേട്ടം കാസർകോഡ് ജില്ലയുടെ ജലവിഭവ രംഗത്തുണ്ടാക്കാൻ കഴിയും. അതിന് അങ്ങ് മുൻകൈയെടുക്കണമെന്ന അഭ്യർത്ഥനയാണ് ഞങ്ങൾക്കുള്ളത്. ഈ പദ്ധതിക്ക്, മൂന്നാംകടവ് പദ്ധതിക്ക് ശാപമോക്ഷം നൽകുന്നതിന് അങ്ങ് കാര്യമായി പരിശ്രമിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഞാൻ ഇക്കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം.ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ മൂന്നാംകടവ് പദ്ധതിയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. മൂന്നാംകടവ് പദ്ധതി ഒരു മീഡിയം പ്രോജക്ടായി ഏറ്റെടുക്കേണ്ട ഒരു പദ്ധതിയാണ്. ഇവിടെ അദ്ദേഹം സൂചിപ്പിച്ച പോലെതന്നെ 1991 കാലയളവിൽ കുറെ നടപടികളൊക്കെ സ്വീകരിച്ച് മുന്നോട്ടു പോയതാണ്. പിന്നീട് അതിന്റെ പ്രവർത്തനങ്ങൾ കാര്യമായി മുന്നോട്ട് പോയതായി ഫയലുകളിലൊന്നും കാണാൻ കഴിയുന്നില്ല. പലപ്പോഴും പല പദ്ധതികളും ആരംഭിക്കുന്ന സന്ദർഭത്തിലുള്ള പ്രശ്നങ്ങളെന്നുപറയുന്നത് കുറെ ആളുകൾ ഇതിന്റെ ആവശ്യകത ഉന്നയിക്കുമ്പോൾ തന്നെ വേറെ കുറെ ആളുകൾ ഇത് വേണ്ടായെന്ന് പറയുന്ന അവസ്ഥയുമുണ്ട്. കാസർകോഡ് ജില്ലയെ സംബന്ധിച്ച് കാക്കടവ് പദ്ധതി നമുക്കറിയാം. അത് ആരുടേയും കുഴപ്പംകൊണ്ട് പോയതല്ല. അതിനെ എതിർക്കുന്ന ആളുകളുടെ വലിയ ഒരു പ്രക്ഷോഭവും കാര്യങ്ങളും വന്നു. വളരെയേറെ പ്രശ്നങ്ങളുണ്ടായതാണ്. ഞാൻ അതിന്റെ ഡീറ്റയിൽസിലേക്ക് പോകുന്നില്ല. അങ്ങനെയാണ് കാക്കടവ് പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത്. മൂന്നാംകടവ് പദ്ധതി ചന്ദ്രഗിരിപ്പുഴയുടെ കുറുകെ ഒരു ഗ്രാവിറ്റി ഡാം നിർമ്മിച്ച് 9,000 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനുദ്ദേശിച്ചു കൊണ്ടുള്ള ഒരു പദ്ധതിയാണ്. ഇത് അന്തർസംസ്ഥാന നദി അല്ലാത്തതുകൊണ്ട് മറ്റ് സാങ്കേതികമായ പ്രശ്നങ്ങളൊന്നും ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏകദേശം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ എസ്റ്റിമേറ്റ് അനുസരിച്ച് 121 ലക്ഷം രൂപ ഉണ്ടെങ്കിൽ ഈ ഗ്രാവിറ്റി ഡാം നിർമ്മിക്കാമെന്നാണ് റിപ്പോർട്ടിൽ കാണുന്നത്. പക്ഷേ അത് എത്രകണ്ട് ശരിയാണെന്ന് പറയാൻ എനിക്ക് സാദ്ധ്യമല്ല. പലപ്പോഴും ഐ.ഡി.ആർ.ബി.യും മറ്റും നൽകുന്ന റിപ്പോർട്ടുകളും പിന്നീട് അതിന്റെ യഥാർത്ഥ സ്ഥിതിയിലേക്ക് വരുമ്പോൾ വരുന്ന എസ്കലേഷനെല്ലാം വച്ച് നോക്കുമ്പോൾ ഈ തുകയ്ക്ക് നിൽക്കുമെന്ന് തോന്നുന്നില്ല.

10 A.M] ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ പ്രദേശത്തെ, കാസർഗോഡ് ജില്ലയിലെ ഫീസിബിളായിട്ടുള്ള ഒരു പ്രോജക്ടായിട്ട് മൂന്നാം കടവ് പദ്ധതിയെ കാണുകയാണ്. അതുകൊണ്ട് തന്നെ മൂന്നാം കടവ് പദ്ധതി ഏറ്റെടുക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറും ജില്ലയിൽ നിന്നുള്ള മറ്റ് അംഗങ്ങളും ഇക്കാര്യം പല പ്രാവശ്യം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം കാസർഗോഡ് ജില്ലയിലെ തടയണകളെ സംബന്ധിച്ചാണ്. ഇതിനകത്ത് 6 തടയണകൾ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ ഇതിന്റെയെല്ലാം ലിസ്റ്റ് ഇവിടെ വായിക്കുന്നില്ല. സമയച്ചുരുക്കംമൂലം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വൻകിട പ്രോജക്ടുകൾ മിക്കവാറും എല്ലാംതന്നെ തീരുന്ന സ്ഥിതിയിലേക്ക് തന്നെ വരികയാണ്. 2006-2007 ഒക്കെ ആകുമ്പോഴേക്കും ഇപ്പോഴത്തെ ഷെഡ്യൂൾ അനുസരിച്ച് പോയാൽ തുടങ്ങിക്കഴിഞ്ഞ ജലസേചന പദ്ധതികളെല്ലാം തന്നെ പൂർത്തിയാക്കാൻ കഴിയും. അതുകഴിഞ്ഞ് മുന്നോട്ടുള്ള നീക്കത്തിലും ഇനി വരുന്ന വർഷങ്ങളിലും കൂടുതൽ തടയണകൾ നിർമ്മിക്കാമെന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെ ആ ജില്ലയടക്കം കേരളത്തിലെ വിവിധ ജില്ലകളിലായിട്ട് 25 ചെക്ക് ഡാമുകൾ ഈ സാമ്പത്തിക വർഷം തീർക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂട്ടത്തിൽ തീർച്ചയായിട്ടും കാസർഗോഡ് ജില്ലക്കും അർഹമായിട്ടുള്ള പരിഗണന ലഭിക്കും. മൂന്നാം കടവ് പദ്ധതി കഴിയുന്നതും വേഗം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അങ്ങ് പറഞ്ഞതുപോലെ മൂന്നാം കടവ് പദ്ധതിക്ക് വലിയ ജനരോഷം ഒന്നും കാക്കടവിൽ ഉണ്ടായതുപോലെ ഉണ്ടാകാൻ സാദ്ധ്യതയില്ല. അതുപോലെ തന്നെ ആ പദ്ധതിയിൽ ആവശ്യമായ പശ്ചാത്തല പിൻതുണ ജനങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടാകുകയും ചെയ്യും. എന്റെ ചോദ്യം ഈ പദ്ധതി ഫീസിബിളാണെന്ന് സമ്മതിക്കുകയും അത് നടപ്പാക്കാനുള്ള സമീപനം സ്വീകരിക്കുമെന്നും പറഞ്ഞ പശ്ചാത്തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കണം. ആ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അതിന്റെ സ്പീഡ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളാനും അങ്ങ് മുൻകൈ എടുക്കുമോ ? ഒപ്പം ആ പദ്ധതി പ്രദേശം സന്ദർശിക്കുന്നതിനും വേണ്ടിയിട്ട് അങ്ങ് താൽപ്പര്യം എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഉന്നതതല യോഗത്തിന്റെ ആവശ്യമില്ല. ഞാൻ തന്നെ ഇത് റിവ്യൂ ചെയ്തിട്ടുണ്ട്. രണ്ടാഴ്ച മുൻപ് ഞാൻ റിവ്യൂ ചെയ്തതാണ്. കാസർഗോഡ് വരുന്ന സമയത്ത് സൈറ്റ് വിസിറ്റ് ചെയ്യാം.

(2) വിശാല കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ

ശ്രീ. കെ. ബാബു : കാലവർഷക്കാലത്തുപോലും വിശാല കൊച്ചി പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. രൂക്ഷമായ കുടിവെള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. വിശാല കൊച്ചി പ്രദേശത്ത് 338 എം.എൽ.ഡി. വെള്ളം ആകെ ആവശ്യമുണ്ട്. കൊച്ചി കോർപ്പറേഷൻ പ്രദേശത്ത് 220 എം.എൽ.ഡി. വെള്ളം ആവശ്യമുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിൽ ഡിസ്ട്രിബ്യൂഷൻ നടക്കുന്നത് ആകെ 215 എം.എൽ.ഡി. വെള്ളം മാത്രമാണ്. ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടിയാണ് കെ.യു.ഡി.പി. പദ്ധതിയുടെ ഫസ്റ്റ് ഫെയ്സ് ആയി 'ഹഡ്കോ പദ്ധതി' എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി ഹഡ്കോയുടെ സഹായത്തോടുകൂടി ആവിഷ്ക്കരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1994-ൽ ഇന്നത്തെ ജല വിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഈ പദ്ധതി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 1997 മാർച്ച് 31-ന് ഈ പദ്ധതി പൂർത്തിയാക്കണമെന്നാണ് ലക്ഷ്യം ഇട്ടിരുന്നത്. എന്നാൽ കഴിഞ്ഞ അഞ്ചു വർഷക്കാലം ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം പോലും നടത്തുകയുണ്ടായില്ല. സ്ഥലമെടുപ്പു നടന്നില്ല. മറ്റ് അനുബന്ധ ജോലികളും നടക്കുകയുണ്ടായില്ല. ഈ പദ്ധതി പൂർണ്ണമായും സ്തംഭിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ജേക്കബ് മുൻകൈ എടുത്ത് ഇവിടെ പദ്ധതികളുടെ പ്രവർത്തനം പുനരാരംഭിച്ചു. പൈപ്പ് ലൈൻ ആരംഭിച്ചു. അതുപോലെ ഇതിന്റെ ഭാഗമായിട്ട് കോമ്പോണന്റ് സ് ടെന്റർ ചെയ്തു. എല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ട്. എന്നാലും ഈ സ്ഥലമെടുപ്പിനെ സംബന്ധിച്ച്, ഒന്നു രണ്ട് ചെറിയ സ്ഥലങ്ങൾ മാത്രമാണ് ലഭിക്കാനുള്ളത്. എന്നാൽ ഈ പദ്ധതി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഇന്ന് തടസ്സമായിട്ടുള്ളത് സാമ്പത്തിക പ്രശ്നമാണ്. ഇത് 58 കോടി രൂപയിൽ ആരംഭിച്ചതാണ്. ഇന്ന് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് 136 കോടി രൂപയിൽ എത്തി നിൽക്കുകയാണ്. ബഡ്ജറ്ററി അലൊക്കേഷൻ കിട്ടുമെന്ന് പ്രതീക്ഷച്ചെങ്കിലും കിട്ടിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വാട്ടർ അതോറിറ്റി ബാങ്കുകളെ സമീപിക്കാൻ തീരുമാനിച്ചു. പക്ഷെ ഒരു കൊല്ലമായി ഇതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. ഞാൻ മനസ്സിലാക്കുന്നത് 25 കോടി രൂപയിൽ കൂടുതൽ ഇതിന് വായ്പ തരാൻ ബാങ്കുകൾ തയ്യാറല്ല എന്നാണ്. അതുകൊണ്ട് വിവിധ ബാങ്കുകളെ കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു കൺസോർഷ്യം ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇത് അടിയന്തിരമായി ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിലവിലുള്ള സംവിധാനം പൂർത്തിയായി കഴിഞ്ഞതിനുശേഷമാണ് ഈ കെ.യു.ഡി.പി. പദ്ധതിയുടെ സെക്കന്റ് ഫെയ്സ് നടപ്പാക്കേണ്ടത്. നിലവിൽ പൈപ്പ് ഇടുന്നതിനുവേണ്ടി എടുത്തിട്ടുള്ള സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ. ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. എച്ച്.എം.ടി. യുടെ കുറച്ചു സ്ഥലം അക്വയർ ചെയ്യാനുണ്ട്. അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly